**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **04-02-2026 - ൽ മറുപടിയ്ക്ക്**

**വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനു പകരം വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ എന്ന സ്ഥാപനത്തിനു രൂപം നൽകാൻ കേന്ദ്ര സർക്കാർ നടപടികൾ ആരംഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | UGC. AICTE, NCTE തുടങ്ങിയ സ്ഥാപനങ്ങൾ ലയിപ്പിച്ച് കൊണ്ട് രൂപീകരിക്കുന്ന ഏകീകൃത സംവിധാനമാണ് വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ. ഈ കമ്മീഷനിൽ മൂന്നു പ്രധാന കൗൺസിലുകളെ ഉൾക്കൊള്ളും.:<br>• Regulatory Council<br>• Accreditation Council<br>• Standards Council<br><br>പ്രസ്തുത കൗൺസിലുകളിൽ സംസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം പരിമിതമാണ്. ഇത് സർവ്വകലാശാലകളുടെ മേൽ സംസ്ഥാന സർക്കാരിന് ഉള്ള പരിമിതമായ അധികാരം തന്നെ നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് കാരണമാകും. കൂടാതെ അക്കാദമിക് വിദഗ്ധരുടെ എണ്ണവും വളരെ പരിമിതമാണ്. പ്രസ്തുത ബിൽ നടപ്പിലാക്കുന്ന പക്ഷം UGC. AICTE, NCTE തുടങ്ങിയ സ്ഥാപനങ്ങൾ പുതിയ ഏകോപിത സംവിധാനത്തിന്റെ കീഴിലാകും പ്രവർത്തിക്കുക. ഇതോടെ ഉന്നത വിദ്യാഭ്യാസം കൂടുതലും കേന്ദ്ര നിയന്ത്രണത്തിലാകാൻ സാധ്യതയുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അധികവും സ്വയംഭരണ സ്ഥാപനങ്ങൾ ആകുന്നതോടെ ചെറിയ കോളേജുകൾക്ക് നിലനിൽക്കാൻ കഴിയാതെ വരും. |
| (ബി) | പുതിയ സംവിധാനം ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 'VBSA ബിൽ, 2025 ഉണ്ടാക്കുന്ന പ്രതിഫലനങ്ങൾ ' എന്ന വിഷയത്തിൽ 20.01.2026 ന് |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്ത് വച്ച് സർവകലാശാല/കോളേജ് അദ്ധ്യാപകർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന സെമിനാർ സംഘടിപ്പിച്ചിരുന്നു.<br><br>പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പഠന റിപ്പോർട്ടിന്റേയും സെമിനാറിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ്. |
| (സി) | സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 'VBSA ബിൽ, 2025 ഉണ്ടാക്കുന്ന പ്രതിഫലനങ്ങൾ ' എന്ന വിഷയത്തിൽ 20.01.2026 ന് തിരുവനന്തപുരത്ത് വച്ച് സർവകലാശാല/കോളേജ് അദ്ധ്യാപകർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന സെമിനാർ സംഘടിപ്പിച്ചിരുന്നു.<br><br>പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പഠന റിപ്പോർട്ടിന്റേയും സെമിനാറിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ